# Second Terminal Examination - 2017

Std. XII — **Malayalam** — Marks : 80, Time : 3 hrs

## Section A

I.

1. താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും ഒരു വിഷയം തെരഞ്ഞെടുത്ത് ഉപന്യാസം തയ്യാറാക്കുക. [20]

a. കഠിനാധ്വാനം വിജയം സൃഷ്ടിക്കും. ഉദാഹരണങ്ങൾ ഉദ്ധരിച്ച് സമർത്ഥിക്കുക?

b. നിങ്ങൾ കണ്ട ഒരു പ്രകൃതിദുരന്തത്തിന്റെ വിവരണം

c. ആധുനിക വിനോദോപാധികൾ വ്യക്തികളെ വീടിനുള്ളിൽ തളച്ചിടുന്നു – നിങ്ങളുടെ കാഴ്ചപ്പാട് വ്യക്തമാക്കുക?

d. നമ്മുടെ മുൻഗാമികളെക്കാൾ നാമിന്ന് സംതൃപ്തരാണ്. ഈ വിഷയത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ പ്രതികരിക്കുക?

e. കുടുംബ ബന്ധങ്ങളിൽ വരുന്ന സ്വാർത്ഥതാല്പര്യങ്ങളെക്കുറിച്ച് വിവരിക്കുക?

f. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് സ്വന്തമായി ഒരു ചെറുകഥയെഴുതുക

1. സ്വപ്നം
2. സ്നേഹം

II. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

നമ്മുടെ എല്ലാ കർമ്മങ്ങളുടെയും ശക്തിയും പ്രചോദനവും സ്നേഹമാകണം. കർമ്മരംഗത്തിനു ശുദ്ധിയും വ്യക്തതയും നൽകുന്നതു

സ്നേഹമാണ്. സ്നേഹം ഹൃദയത്തെ ആർദ്രമാക്കുകയും അഹം ഭാവത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. അത്തരം മനസ്സിൽ അസൂയക്കും അർത്ഥമില്ലാത്ത മത്സരബുദ്ധിക്കും സ്ഥാനമില്ലാതാകുന്നു. എല്ലാ പുഷ്പങ്ങളിൽ നിന്നും തേൻമാത്രം നുകരുന്ന തേനീച്ചയെപ്പോലെ, സ്നേഹമുള്ള ഹൃദയത്തിനു എല്ലാത്തിലും നന്മകാണാൻ കഴിയുന്നു. മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കാനും സഹിക്കാനും സാധിക്കുന്നു. പരിശുദ്ധമായ സ്നേഹം ആത്മസ്വരൂപത്തെയാണ്; അത് ഈശ്വരന്റെ പ്രകടിതരൂപമാണ്. എന്നാൽ ഇന്നു കാണുന്ന സ്നേഹം "ഞാൻമാത്രം എനിക്കുമാത്രം" എന്ന ഭാവം കൊണ്ട് മലിനമാണ്. അത് അന്ധമായ മമതയാണ്, ഒരു തരം താഴ്ന്ന വികാരം. മൂന്ന് തരത്തിലുള്ള സ്നേഹം ലോകത്തിൽ കാണാൻ ക

ഒന്ന്, സ്വന്തം സുഖത്തിനും സന്തോഷത്തിനു മാത്രം പ്രാധാന്യം നൽകിക്കൊണ്ടുള്ള സ്നേഹം. സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്ക് വഴങ്ങിയില്ലെങ്കിൽ അത്തരം സ്നേഹം വെറുപ്പും ദേഷ്യവുമായി മാറും. പിന്നെ കൊല്ലാൻ പോലും മടിക്കില്ല. പശുവിനെ സ്നേഹത്തോ വളർത്തുന്ന ഒരാൾ അതിന്റെ കറവ വറ്റിയാൽ ഉടനെ ഉപേക്ഷിക്കും. പിന്നീടത് എത്തിച്ചേരുന്നത് അറവുശാലയിലായിരിക്കും. വാസ്തവത്തിൽ അയാൾ പശുവിനെയല്ല സ്നേഹിച്ചത്; പാലിനെയാണ് അതാണ് ലോകത്തിന്റെ സ്വഭാവം. സ്വന്തം ലക്ഷ്യങ്ങ സാധിക്കാതെ വരുമ്പോൾ സ്നേഹം ഇല്ലാതാകും. ആഗ്രഹങ്ങളും പ്രതീക്ഷകളുമാണ് സ്നേഹത്തിനാ

ഒരിക്കൽ ഒരാൾ തന്റെ സുഹൃത്തിനെ കാണാൻ പോയി. സുഹൃത്ത് അദ്ദേഹത്തെ സ്വീക ഇരുത്തി. കുറച്ചു സൂപ്പു കുടിക്കാൻ നൽകി. അ കുടിക്കുന്നതിനിടയിൽ ആ വീട്ടിലെ വളർത്തുനായ അയാളുടെ അടുത്തെത്തി. അത് അയാളുടെ ചുറ്റി കറങ്ങുകയും ശരീരത്തിൽ ചാടിക്കയറുകയും ചെയ്

ഇതുകണ്ട അതിഥിയായ കൂട്ടുകാരൻ പറഞ്ഞു: എത്ര സ്നേഹമുള്ള നായ. പരിചയമില്ലാഞ്ഞിട്ടും ഇതു എന്നോടു എന്തുമാത്രം സ്നേഹം കാണിക്കുന്നു. അതിശയമായിരിക്കുന്നു. ഇതു കേട്ടു കൂട്ടുകാരൻ പറഞ്ഞു "എടോ! ഈ നായ്ക്കുട്ടി ഇങ്ങനെ നിന്റെ ചുറ്റിനും കറങ്ങി സ്നേഹം കാണിക്കുന്നതു മറ്റൊന്നും കൊണ്ടല്ല. നീ കുടിക്കുന്ന ആ സൂപ്പുപാത്രമില്ലേ, അതു നായ്ക്കുട്ടി ഭക്ഷണം കഴിക്കുന്നതാണ്". ഇതു ലോകത്തിൽ കാണുന്ന സ്നേഹം ഇതു പോലെയാണ്. അതു യഥാർത്ഥമല്ല. അതിന്റെ പിന്നിൽ ഒരു ലക്ഷ്യമുണ്ടാകും.

രണ്ടാമത്തെ സ്നേഹം, സ്വന്തം സുഖത്തിലും സന്തോഷത്തിലും ഉപരിയായി താൻ സ്നേഹിക്കുന്ന വ്യക്തിയുടെ സുഖവും സന്തോഷവും മാത്രം കാംക്ഷിക്കുന്നവരാണ്. സ്നേഹിക്കുന്ന വ്യക്തിക്കു വേണ്ടി എന്തു ത്യാഗവും സഹിക്കാൻ അവർ തയ്യാറാകും. എന്നാൽ അവിടെയും 'ഞാൻ, എന്റേതു' എന്നുള്ള ഭാവം ഉണ്ടാകും. തള്ളയ്ക്കു കുഞ്ഞിനോടുള്ള സ്നേഹം ഇത്തരത്തിലുള്ളതാണ്. സ്വന്തം കുഞ്ഞിനുവേണ്ടി അമ്മ എന്തും ചെയ്യും. എന്നാൽ അയലത്തുകാരന്റെ കുഞ്ഞിനെ അതുപോലെ സ്നേഹിക്കുവാൻ അവർക്കാവി 'എന്റെ കുഞ്ഞ്' എന്ന മമതയാണ് ഒരമ്മയുടെ സ്നേഹത്തിനടിസ്ഥാനം.

ആത്മ സാക്ഷാത്കാരത്തിലൂടെ പൂർണ്ണ യിലെത്തിയ ഒരു മഹാത്മാവിന്റെ സ്നേഹമാണ് മൂന്നാമത്തേത്. കേവലം കാരുണ്യം കൊണ്ട് സർവ്വ ചരാചരങ്ങളിലേക്കും വഴിഞ്ഞൊഴുകുന്ന സ്നേഹമാണ്. അവിടെ കാമനകളില്ല, പ്രതീക്ഷകളില്ല. സ്നേഹിക്കു വേണ്ടി മാത്രം സ്നേഹിക്കുന്നവരാണ് മഹാത്മാക്കൾ. കാറ്റുപോലെ, നദിപോലെ, വസന്തം പോലെ അവ എല്ലാവർക്കും എല്ലാം നൽകുന്നു. ഇതിനെ ആത്മസ്നേ എന്നു പറയാം. ഒന്നിനേയും ആരേയും തന്നിൽനിന്ന മായി കാണാൻ കഴിയാത്ത ഒരവസ്ഥയാണിത്. ഇതാണ് സ്നേഹത്തിന്റെ ഏറ്റവും പരിശുദ്ധമുഖം.

ചോദ്യങ്ങൾ:-

i) സ്നേഹത്തിന്റെ മഹത്വം വിവരിക്കുക. ആസ്നേഹം തരംതാണ വികാരമായി മാറുന്നതെപ്പോൾ? [3]

ii) ലേഖിക വിവരിക്കുന്ന ഒന്നാമത്തെ സ്നേഹത്തിന്റെ ദോഷങ്ങൾ എന്ത്? [3]

iii) ഇന്നു ലോകത്തു കാണുന്ന സ്നേഹം എങ്ങനെയുള്ളതാണ്? [3]

iv) ഒരമ്മയുടെ സ്നേഹത്തിനടിസ്ഥാനം വിശദമാക്കുക? [3

v) സ്നേഹത്തിന്റെ ഏറ്റവും പരിശുദ്ധമായ രൂപം എ

III a. തിരുത്തിയെഴുതുക [2

1. മഹാകവിത്രയങ്ങളുടെ കാലം മലയാളകവിതയുടെ വസന്തകാലമായിരുന്നു.
2. ഗഹനമായ ആശാന്റെ തത്വചിന്തകൾ അദ്ദേഹത്തിന്റെ കവിതകൾക്കൊരു ഭൂഷണമാണ്.

b. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും മൂന്നെണ്ണം വാക്യത്തിൽ പ്രയോഗിക്കുക.

1. കടലാസുപുലി
2. വയ്യാവേലി
3. അഭൂതപൂർവ്വം
4. ആകാശക്കോട്ട.

## Section B

മൂന്നു പുസ്തകത്തിൽ നിന്നുമായി നാലു ചോദ്യ ഉത്തരമെഴുതുക.

### 1. ഗദ്യകൈരളി

" എന്നാൽ ദാരിദ്ര്യം മാത്രമല്ല നമ്മുടെ സമൂഹത്തിന്റെ രോഗം. അത് അടിസ്ഥാന രോഗത്തിന്റെ ലക്ഷ മാത്രമാണ്."

ചോദ്യങ്ങൾ:-

1. നമ്മുടെ സംസ്കാരത്തിന്റെ ശരിയായ മുഖമെന്ത്?

2. ദാരിദ്ര്യരേഖയ്ക്കു കീഴെയുള്ളവർ എന്നു പറഞ്ഞതാരെയെല്ലാം [2]

3. ഒരു രാഷ്ട്രീയക്കാരനായ ഞാൻ പറയുന്നു എനിക്കതിൽ പരാതിയില്ലെന്ന് – എന്തിൽ? [3]

4. അത് ഒരു ദുർവ്യാഖ്യാനമാണ്. ഏത്? [3]

V. ചതിക്കപ്പെട്ടവന്റെ മനസ്സോടെ ഒരിക്കൽക്കൂടി വൃദ്ധൻ അകത്തേക്കു മടങ്ങി. മഴകാത്തിരിക്കുന്ന വൃദ്ധനെയും അയാളുടെ പ്രതീക്ഷകളെല്ലാം കഥാകൃത്ത് മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു – ചർച്ച ചെയ്യുക [10]

VI. 'കള്ളൻ' എന്ന കഥയെ രസകരമാക്കുന്ന ഘടകങ്ങൾ ഏവ? [10]

## അസുരവിത്ത്.

VII. " ഇനിവിടെ ഏല്പിച്ചു പോവാനാണ്. ഞാൻ പിന്നെ വന്ന് പെട്ടു വാങ്ങിക്കോണ്ട് ഞാൻ വരും" —

ചോദ്യങ്ങൾ:-

i) ഇങ്ങനെ പറഞ്ഞതാര്? സന്ദർഭം? [3]

ii) കുട്ടിപ്പക്കുറുപ്പിനെക്കുറിച്ച് വിവരിക്കുക? [3]

iii) മാസങ്ങൾക്കു ശേഷം ഗോവിന്ദൻകുട്ടിയെ നേരിട്ടുകണ്ട നാരായണൻ നായരുടെ അവസ്ഥ? [2]

iv) കുന്നിൻമുകളിൽ കയറിനിന്ന് കിഴക്കുമുറിയെ നോക്കിയ ഗോവിന്ദൻകുട്ടി കണ്ടതെന്തെല്ലാം? [2]

VIII. കുമാരൻ എന്ന കഥാപാത്രത്തെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തുക? [10]

IX. ഉണ്ണിച്ചെക്കിനു ചുറ്റും നടക്കുന്ന മണാങ്കുട്ടിയുടെ അവസ്ഥയാണ് തനിക്കെന്ന ഗോവിന്ദൻകുട്ടിക്കു തോന്നാൻ കാരണം? [10]

## 3. ആ മനുഷ്യൻ നീതന്നെ.

X. ചില കാര്യങ്ങൾ പറയാൻ കടങ്കഥയല്ലാതെ ഭാഷയില്ല.

ചോദ്യങ്ങൾ:-

1. കടങ്കഥയ്ക്കു വൺഭാഷ പറഞ്ഞ പൊരുളെന്ത്?
2. അമാസ ദാവീദിനെ അറിയിച്ചതെന്ത്?
3. അമാസയ്ക്കു ദാവീദ് നൽകിയ മറുപടിയെന്ത്?
4. "പഴയ പ്രശസ്തിയാണ് ദാവീദിന്റെ സിംഹാസനം മാറച്ച്" — പറഞ്ഞതാര്? സന്ദർഭം?

XI വേദനയോടെയാണെങ്കിലും ആ അധ്യായമവ... ഇനി ലോകം നമുക്കു സ്വന്തമാണ്. എന്ന് ദാവീദ് രാജാവ് പറയാൻ കാരണം?

XII 'ആ മനുഷ്യൻ നീതന്നെ' എന്നു പറയാൻ നാഥാൻ പ്രവാചകനെ പ്രേരിപ്പിച്ചതെ...